# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ.ഡി.എഫ് - പുതുക്കിയ SoR പ്രകാരം അനുവദിച്ച തുകയിൽ മാറ്റം വരാതെ ഭരണാനുമതി നൽകുന്നത് - ഗ്രാമവികസന കമ്മീഷണർക്ക് ചുമതല നൽകി - ഉത്തരവ്പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ) നം.357/13/തസ്വഭവ തിരുവനന്തപുരം, തീയതി, 06.11.2013

=====================================================================

## <u>ഉത്തരവ്</u>

ആർ.ഐ.ഡി.എഫ്. പ്രകാരം സർക്കാർ ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നബാർഡ് അംഗീകരിച്ച് അനുവദിക്കുന്ന തുക പലപ്പോഴും തികയാതെ വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. നിലവിലുള്ള SoR പ്രകാരം നിശ്ചിത തുകയ്ക്കുള്ള എസ്റ്റിമേറ്റ് എടുത്ത് നബാർഡിന്റെ അനുമതി ലഭിക്കുന്നതിനും തുടർന്ന് സർക്കാരിൽ നിന്നുള്ള ഭരണാനുമതി ലഭിക്കുന്നതിനും നേരിടുന്ന കാലതാമസം കാരണമാണിത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഭരണാനുമതി ലഭിച്ചതിനുശേഷം പ്രവൃത്തി തുടങ്ങുമ്പോൾ നിരക്കുകൾ വർദ്ധിക്കുകയും SOR മാറുകയും ചെയ്യുന്നതിനാലും അനുവദിച്ച തുകയിൽ നിന്നും കൂടുതലായി തുക നബാർഡ് അനുവദിക്കാത്ത സാഹചര്യത്തിലും, നിരക്കുകൾ വർധിച്ചു SOR മാറുന്ന അവസരത്തിൽ ത്രിതല പഞ്ചായത്തുകൾ പുതുക്കിയ SOR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികളുടെ ഓരോ ഘടകങ്ങളിലും വേണ്ടുന്ന ക്രമീകരണങ്ങൾ വരുത്തി സർക്കാർ നൽകിയ ഭരണാനുമതി തുകയിൽ നിന്നും തുക വർധിക്കാതെ പ്രവൃത്തി തുടങ്ങുവാനുള്ള അനുവാദം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതിനാൽ, ഇങ്ങനെ ഭരണാനുമതി തുകയ്ക്ക് മാറ്റമില്ലാത്ത പ്രവർത്തികളുടെ പുതുക്കിയ ഭരണാനുമതി നൽകുവാനുള്ള ചുമതല.

ഗ്രാമവികസന കമ്മീഷണറെ ഏൽപ്പിച്ച് ഉത്തരവാകുന്നു. പുതുക്കിയ ഭരണാനുമതിയുടെ പകർപ്പ് ഗ്രാമവികസന കമ്മീഷണർ സർക്കാരിലേക്ക് യഥാസമയം അയയ്ക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
5. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
8. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ